## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3611 11.12.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br><br>ശ്രീ.എസ്.ശർമ്മ | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്ന വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വൈപ്പിൻ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് ഭാഗികമായ സ്തംഭനാവസ്ഥ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദൂരസ്ഥലത്ത് നിന്നും മെറ്റീരിയൽസ് കൊണ്ടു വരുമ്പോൾ കൺവയൻസ് അലവൻസ് ലഭിക്കാത്തതു കൊണ്ട് കരാറുകാർ ടെണ്ടർ പ്രവൃത്തികളിൽ പങ്കാളികളാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. കൺവേയൻസ് അലവൻസിന്റെ അപര്യാപ്തത ടെണ്ടർ പ്രവർത്തികളെ ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രൂക്ഷമായ വില വ്യത്യാസം നേരിടുന്ന സാധന സാമഗ്രികളുടെ വിലയിലെ അന്തരം പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പിലേയും പൊതുമരാമത്ത് വകുപ്പിലേയും എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും മേൽ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശനം നടത്തി actual conveyance നെ അടിസ്ഥാനമാക്കി സാധനസാമഗ്രികളുടെ നിരക്ക് സംബന്ധിച്ച proposal തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ